"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ്- ലീഗൽ മെട്രോളജി- ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് ശ്രീ.ഗോപകുമാർ ജി., ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1474/2023 കേസിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.63/2023/CAD തീയതി,തിരുവനന്തപുരം, 14-10-2023

---

പരാമർശം-

1. സ.ഉ.(അച്ചടി).നം.11/2018/സിഎഡി തീയതി 26-09-2018 (എസ് ആർഒ. നം682/2018)
2. ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് ശ്രീ.ഗോപകുമാർ ജി. ഭക്ഷ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 07-08-2023 തീയതി രേഖപ്പെടുത്തിയ അപേക്ഷ.
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ.ഗോപകുമാർ ജി. ഫയൽ ചെയ്ത OA 1474/2023 നം. കേസിലെ 08-08-2023 ലെ വിധിന്യായം.
4. ലീഗൽ മെട്രോളജി കൺട്രോളറുടെ 10-09-2023 ലെ എൽഎംഡി-എച്ച് ക്യൂ/1721/2023-ബി 5 നമ്പർ കത്ത്.

**ഉത്തരവ്**

ലീഗൽ മെട്രോളജി വകുപ്പിൽ, വർക്കല ഇൻസ്പെക്ടർ ഓഫീസിലെ ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് ശ്രീ.ഗോപകുമാർ ജി., ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1474/2023 നമ്പർ കേസിൽ, 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ലെ ചട്ടം 13 ബി പ്രകാരം 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽനിന്നും ഇളവ് നൽകി ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകണമെന്ന ടിയാന്റെ പരാമർശം (2) ലെ അപേക്ഷയിന്മേൽ (Annexure A3) രണ്ട് മാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് പരാമർശം (3) പ്രകാരം ബഹു.ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2) ശ്രീ ഗോപകുമാർ ജി യുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷയിൻമേൽ (Annexure A3) ലീഗൽ മെട്രോളജി കൺട്രോളറുടെ അഭിപ്രായം തേടുകയുണ്ടായി. Account test പാസ്സാകാത്ത സാഹചര്യത്തിൽ ശ്രീ.ഗോപകുമാറിന് 1958 ലെ KS&SSR, Part II ലെ Rule 13 B യുടെ ആനുകൂല്യം നൽകി ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുയുണ്ടായെന്നും, ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിൽ Account test (Lower), MOP എന്നിവ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള അടിസ്ഥാന

യോഗ്യതയുടെ ഭാഗമായി നിശ്ചയിച്ചിട്ടുള്ളതിനാൽ ശ്രീ.ഗോപകുമാർ. ടി യുടെ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകണമെന്ന അപേക്ഷ പരിഗണനാർഹമല്ലെന്ന് കണ്ടെത്തിയതിനാൽ ടി വിവരം അപേക്ഷകനെ അറിയിച്ചിരുന്നുവെന്നും കൺട്രോളർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ശ്രീ ഗോപകുമാർ ജി സമർപ്പിച്ച പരാമർശം (2) പ്രകാരമുള്ള അപേക്ഷയിലെ (Annexure A3) ആവശ്യം, ബഹു ട്രിബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്റെയും, പരാമർശം (1) പ്രകാരമുള്ള ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ലീഗൽ മെട്രോളജി വിശേഷാൽ ചട്ടങ്ങൾ പ്രകാരം ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നേരിട്ടും തസ്തികമാറ്റം മുഖേനയും നിയമനം നൽകുന്നതിനുമുള്ള അടിസ്ഥാന യോഗ്യതകൾ ചുവടെ പറയും പ്രകാരമാണ്.

(1) Graduation in Science with Physics as one of the subjects conferred/recognized by any of the Universities in Kerala.

or

B.Tech. awarded/recognized by any of the Universities in Kerala.

or

Diploma in Engineering after undergoing a regular course of study of three years with three years professional experience in Central or State Government service or in Public Sector Undertaking or Registered Private Sector Undertaking or after acquiring the basic qualification prescribed for the post, in the field of Engineering in which the candidate has earned the Diploma.

(2) Must be able to speak, read and write Malayalam.

Note- 1. Experience in the Department of Legal Metrology shall be considered equivalent to professional experience for the purpose of this rule.

2. In addition to the qualifications mentioned above, the persons appointed by transfer/by promotion shall have successfully completed probation in the feeder category and shall have passed Manual of Office Procedure and Account Test Lower.

മേൽ പരാമർശിച്ചതിൽനിന്നും ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി MOP, Account Test (Lower) എന്നിവ അടിസ്ഥാന യോഗ്യതകളായാണ് വിശേഷാൽ ചട്ടത്തിൽ നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് ആയ ശ്രീ.ഗോപകുമാർ ജി., മേൽ തസ്തികമാറ്റ നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയായ Account Test (Lower) പാസ്സായിട്ടില്ല. 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് , ഭാഗം II ലെ ചട്ടം 13 ബി പ്രകാരം, ഒരു തസ്തികയിലെ നിയമനത്തിനായി വിശേഷാൽ ചട്ടത്തിൽ അടിസ്ഥാന യോഗ്യതയായി പറഞ്ഞിരിക്കുന്നത് ഒഴികെയുള്ള പ്രൊമോഷൻ, നിയമനം എന്നിവയ്ക്കുമാത്രമാണ് 50 വയസ്സ് പ്രായവും 25 വർഷം

സേവനവും ഉള്ളവർക്ക് വകുപ്പുതല പരീക്ഷകൾ പാസ്സാകേണ്ടതില്ലെന്ന് പ്രതിപാദിച്ചിരിക്കുന്നത്. കൂടാതെ ടി വിശേഷാൽ ചട്ടം പ്രകാരം 50 വയസ്സ് പൂർത്തിയാക്കിയ ജീവനക്കാരന് Basic Training Course പാസ്സാകേണ്ടതില്ലെന്ന് മാത്രമാണ് നിഷ്കർഷിച്ചിരിക്കുന്നതും. ഒരു തസ്തികയിൽ നിയമിക്കപ്പെടുന്നതിനായി പൊതു ചട്ടങ്ങളിലോ, വിശേഷാൽ ചട്ടങ്ങളിലോ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതയിൽ ഇളവ് നൽകുന്നത് ഒരു സാഹചര്യത്തിലും അനുവദനീയമല്ല.

4) മേൽ സാഹചര്യത്തിൽ, 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം II ലെ ചട്ടം 13 ബി പ്രകാരം വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽനിന്നും ഇളവ് നൽകി ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം നൽകണമെന്ന ഇൻസ്‌പെക്ടിംഗ് അസിസ്റ്റന്റ് ആയ ശ്രീ.ഗോപകുമാർ ജി., യുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ (Annexure A3) ടി തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമല്ലാത്തതിനാൽ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

5) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് മേൽ പരാമർശിച്ച പ്രകാരം നടപ്പാക്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്,തിരുവനന്തപുരം
ശ്രീ.ഗോപകുമാർ ജി., ഇൻസ്‌പെക്ടിംഗ് അസിസ്റ്റന്റ് (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ) കേരള ,തിരുവനന്തപുരം
നവ-ദൃശ്യ-അച്ചടി വിഭാഗം,(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സിഎ4/89/2023/സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ